പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1598 — 03/05/2017-ൽ മറുപടിക്ക്

## ജീവൻരക്ഷാ മരുന്നുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കേരളത്തിലാകമാനമുള്ള ജനങ്ങളിൽ കൂടുതൽ പേരും പ്രമേഹ രോഗത്തിനും കിഡ്നി രോഗത്തിനും, ഹൃദയ രോഗത്തിനും അടിമകളാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്ത് മാറിവരുന്ന ജീവിത ശൈലിയ്ക്ക് അനുസൃതമായി ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർരോഗം എന്നിവ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുപ്പത് വയസ്സിനും അറുപത് വയസ്സിനും ഇടയിൽ പ്രായമുള്ളവരിലെ മരണങ്ങളിൽ 52%-വും ജീവിതശൈലീ രോഗങ്ങൾ മൂലമുണ്ടാകുന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ഹൃദ്രോഗം കൊണ്ടുണ്ടാകുന്ന മരണങ്ങളും ക്യാൻസർ കൊണ്ടുണ്ടാകുന്ന മരണങ്ങളും ആണ് കൂടുതലായി കാണപ്പെടുന്നത്. പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും ഒരു പോലെ ബാധിക്കുന്നു എന്നത് ആരോഗ്യ മേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നു. |
| ബി) | ടി രോഗങ്ങൾക്കുള്ള മരുന്നുകൾക്കും, ഇൻസുലിനും ഭീമമായ തുകയാണ് ഫാർമസ്യൂട്ടിക്കൽ കമ്പനിക്കാരും മരുന്ന് കടക്കാരും രോഗികളിൽ നിന്നും വാങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും | സ്വകാര്യ ഫാർമസിയിലെ ഇൻസുലിനും പ്രമേഹ രോഗത്തിനും ജീവിതശൈലീ രോഗങ്ങൾക്കുള്ള മറ്റ് മരുന്നുകൾക്കും അമിതമായ വില ഈടാക്കുന്നത് മൂലം രോഗികളുടെ സ്വന്തം ചികിത്സാ ചെലവ് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആരോഗ്യവകുപ്പിലൂടെ നടപ്പിലാക്കുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിലൂടെ പ്രമേഹത്തിനും രക്താദിസമ്മർദ്ദത്തിനും, ഹൃദ്രോഗത്തിനും കൊളസ്ട്രോളിനുമുള്ള Treatment Protocol പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ നൽകിവരുന്നു. ഇത് സബ്സെന്റർ തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾക്കുള്ള വിലയേറിയ മരുന്നുകളും ആരോഗ്യവകുപ്പ് സൗജന്യമായി നൽകിവരുന്നു. |
| സി) | ഈ അസുഖങ്ങൾക്കുള്ള മരുന്നുകൾ ജീവൻ രക്ഷാ വിഭാഗത്തിൽപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാർക്കറ്റിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ